# ക്രൈസ്തവലോകം വലിയ നോമ്പിലേക്ക്

## ജോസ് മാളേയ്ക്കൽ

ക്രൈസ്തവർക്ക് വീണ്ടുമൊരു നോമ്പുകാലം കൂടി സമാഗതമാവുന്നു. ലോകമെമ്പാടുമുള്ള ക്രൈസ്തവർ ഫെബ്രുവരി മാസം 14 നു (വിഭൂതിബുധൻ) 40 ദിവസത്തെ നോമ്പാചരണത്തിനു തുടക്കം കുറിക്കുകയാണ്. ഏകദിന ഉപവാസം (ഒരിക്കൽ അഥവാ ഒരുനേരം), മൂന്നു നോമ്പ്, എട്ടു നോമ്പ്, ഇരുപത്തിയഞ്ചു നോമ്പ്, നാൽപ്പത് നോമ്പ്, അൻപതു നോമ്പ് എന്നിങ്ങനെ വിവിധ കാലയളവിലേക്കുള്ള നോമ്പുകൾ ആദിമ കാലം മുതൽ സഭാമക്കൾ ആചരിച്ചു വരുന്നുണ്ട്. ക്രൈസ്തവേതര മതങ്ങളും വിവിധ തരത്തിലുള്ള ഉപവാസരീതികൾ അനുശാസിക്കുന്നുണ്ട്. ഓരോ നോമ്പും ഒരു പ്രത്യേക ലക്ഷ്യത്തിനു വേണ്ടിയാണു ആചരിക്കുന്നത്. ശരീരത്തെയും, മനസിനെയും ശുദ്ധീകരിച്ച് ഈശ്വര സന്നിധിയിലേക്ക് കൂടുതൽ അടുക്കുക എന്നുള്ള ലക്ഷ്യസാക്ഷാൽക്കാരമാണു എല്ലാ ഉപവാസങ്ങളുടെയും കാതൽ.

ലത്തീൻ റീത്തുൾപ്പെടെയുള്ള പാശ്ചാത്യകത്തോലിക്കാ സഭകളും, കത്തോലിക്കരല്ലാത്ത മറ്റുപാശ്ചാത്യ ക്രൈസ്തവസഭാ വിഭാഗങ്ങളും 40 ദിവസത്തെ നോമ്പാചരിക്കുമ്പോൾ പൗരസ്ത്യ ക്രൈസ്തവർ അതിനേക്കാൾ 25% കൂടുതൽ ദിനങ്ങൾ പ്രാർത്ഥനയിലും, പരിത്യാഗത്തിലും, ഉപവാസത്തിലും, ദാനധർമ്മത്തിലുമായി ചെലവഴിക്കുന്നു. വിഭൂതിബുധൻ മുതൽ പെസഹാവ്യാഴാഴ്ച്ച വരെയുള്ള 46 ദിവസങ്ങളിൽ ഇടക്കുവരുന്ന 6 ഞായറാഴ്ച്ചകൾ ഒഴിച്ചുള്ള 40 ദിവസങ്ങളാണു ലത്തീൻ റീത്തിലും, മിക്ക പാശ്ചാത്യക്രൈസ്തവ വിഭാഗങ്ങളിലും നോമ്പാചരണം നടത്തുന്നത്. ഞായറാഴ്ച്ചകൾ കർത്താവിന്റെ ഉത്ഥാനത്തെ അനുസ്മരിക്കാനുള്ള ഫീസ്റ്റ് ഡേയ്സ് ആയതിനാലാണു ലത്തീൻ ക്രമത്തിൽ ഞായറാഴ്ച്ചകൾ ഒഴിവാക്കപ്പെട്ടിരിക്കുന്നത്.

തോമാശ്ലീഹായുടെ വിശ്വാസ തീക്ഷ്ണതയും, പൈതൃകവും വഹിക്കുന്ന സീറോമലബാർ, സീറോമലങ്കര കത്തോലിക്കരുൾപ്പെടെയുള്ള പൗരസ്ത്യ ക്രൈസ്തവർ 10 ബോണസ് ദിനങ്ങൾ ഉൾപ്പെടെ അമ്പതുദിവസത്തെ തീവ്രവൃതം അനുഷ്ഠിക്കുന്നു. 'പേതൃത്താ' ഞായറാഴ്ച്ച (ഈ വർഷം ഫെബ്രുവരി 11) അർദ്ധരാത്രിമുതൽ നോൺ സ്റ്റോപ്പായി പ്രത്യാശയുടെയും, പ്രകാശത്തിന്റെയും തിരുനാളായ ഈസ്റ്റർ വരെ എല്ലാ ഞായറാഴ്ച്ചകളും ഉൾപ്പെടെ പൗരസ്ത്യ ക്രൈസ്തവർ അമ്പതുദിവസത്തെ നോമ്പാചരിക്കുന്നു.

ലത്തീൻ ആരാധനാവൽസരമനുസരിച്ച് വിഭൂതിബുധനായ ഫെബ്രുവരി 14 നാണ് ഈ വർഷം ഔദ്യോഗികമായി നോമ്പാരംഭിക്കുന്നത്. അന്നുതന്നെയാണു പ്രണയജോഡികളുടെയും, കമിതാക്കളുടെയും ഇഷ്ടദിന വും എ.ഡി. 496 മുതൽ കാത്തലിക് വിശുദ്ധരുടെ ഗണത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നതുമായ സെ. ഓലന്റൈസ് ഫീസ്റ്റ് ദിനവും ആഘോഷിക്കപ്പെടുന്നത്. പുരാതന റോമാ ചക്രവർത്തിയുടെ അനുമതി കൂടാതെ ക്രൈസ്തവപ്രണയജോടികൾക്ക് വിവാഹത്തിനുള്ള സൗകര്യങ്ങൾ ചെയ്തുകൊടുത്തു എന്നതിന്റെ പേരിൽ റോമൻ ചക്രവർത്തി ക്ലോഡിയസ് രണ്ടാമൻ ശിരോച്ഛേദം ചെയ്ത് രക്തസാക്ഷിത്വം വരിച്ച റോമൻ വൈദികനോ ബിഷപ്പോ ആയിരുന്നു സെ. വാലന്റൈൻ. വളരെ വർഷങ്ങൾ കൂടിയാണു റലിജിയസ് ഹോളിഡേ ആയ വിഭൂതിബുധനും, സെക്കുലർ ഹോളിഡേ ആയ വാലന്റൈസ് ഡേയും ഒരേദിവസം വരുന്നത്. വാലന്റൈസ് ഡേ എല്ലാവർഷവും ഫെബ്രുവരി 14 നു നിജപ്പെടുത്തിയിരിക്കുന്നതുകൊണ്ടും, ഈസ്റ്റർ അനുസരിച്ച് വിഭൂതിബുധൻ മാറി മാറി വരുന്നതിനാലും ഇനി 2024 ൽ മാത്രമേ ഇവ രണ്ടും ഒന്നിച്ചു വരികയുള്ളു.

വലിയനോമ്പിലെ ആദ്യത്തെ മാംസാഹാര വർജ്ജനദിനവും, ഉപവാസദിനവുമായ വിഭൂതി ബുധനാഴ്ച്ച സഭാചട്ടപ്രകാരം നോമ്പാചരിക്കണോ അതോ വർഷത്തിലൊരിക്കൽ മാത്രം വീണുകിട്ടുന്ന വാലന്റൈസ് ദിനം തങ്ങളുടെ പ്രീയപ്പെട്ട വാലന്റൈനുമൊപ്പം ആഘോഷിക്കണോ എന്നുള്ള സന്ദേഹത്തിലാണു ക്രൈസ്തവ വിശ്വാസികൾ, പ്രത്യേകിച്ചും യുവതലമുറ. നോമ്പിന്റെ പവിത്രതയും, യുവജനങ്ങളുടെ ഇടയിൽ വാലന്റൈൻ ദിനത്തിനുള്ള അമിതപ്രാധാന്യവും കണക്കിലെടുത്ത് തിരുസഭതന്നെ അതിനുള്ള പരിഹാര നിർദേശങ്ങളും നൽകുന്നുണ്ട്.

അമേരിക്കയിൽ ചിക്കാഗോ ഉൾപ്പെടെയുള്ള ലത്തീൻ രൂപതകൾ പ്രാർത്ഥനക്കും, ഉപവാസത്തിനും, മദ്യമാംസാദിവർജ്ജനക്കും, ദാനധർമ്മങ്ങൾക്കും ഊന്നൽ നൽകി വിഭൂതി ബുധനാഴ്ച്ച നോമ്പിനു പ്രാധാന്യം കൊടുക്കണമെന്നും, കാമബാണങ്ങൾ ആലേഖനം ചെയ്ത ആശംസാകാർഡുകളും, ഹൃദയാകൃതിയിലുള്ള ചോക്കലേറ്റ് കാൻഡികളും, ചുവന്നറോസാ പുഷ്പങ്ങളും പ്രണയിനിക്ക് കാഴ്ച്ചവച്ച് വാലന്റൈൻസ് ഡേ ആഘോഷിക്കണമെന്നുള്ളവർ ഷ്രോവ് അഥവാ ഫാറ്റ് റ്റ്യൂസ്ഡേ ആയ തലേദിവസം ചൊവ്വാഴ്ച്ച കമിതാക്കളുടെ ദിനം ആഘോഷിക്കണമെന്നും നിർദേശിക്കുന്നു. നോമ്പു തുടങ്ങുന്നതിനു തൊട്ടു മുൻപു വരുന്ന ചൊവ്വാഴ്ച്ച അമേരിക്ക ഉൾപ്പെടെയുള്ള പല രാജ്യങ്ങളിലും ഫ്രഞ്ച് കത്തോലിക്കാ

പാരമ്പര്യത്തിലൂന്നിയുള്ള മർഡി ഗ്രാസ് ഉൽസവം വളരെ വിപുലമായി ആഘോഷിക്കുന്ന ദിനം കൂടിയാണ്.

നോമ്പിന്റെ തലേദിവസംവരെ മൽസ്യമാംസാദികൾ ഉൾപ്പെടെ വിഭവ സമൃദ്ധമായ ഭക്ഷണവും, പരേഡുകൾ ഉൾപ്പെടെയുള്ള കാർണിവൽ ആഘോഷങ്ങളുംകൊണ്ട് നോമ്പിനെ വരവേൽക്കാനൊരുങ്ങുന്ന പാശ്ചാത്യ പാരമ്പര്യമായ മർഡി ഗ്രാസ് ഉൽസവം പൗരസ്ത്യ നസ്രാണി ക്രിസ്ത്യാനികളുടെ 'പേതൃത്താ' ആഘോഷത്തിനു സമാനമാണ്.

യു. എസ്. കാത്തലിക് ബിഷപ്സ് കോൺഫറൻസിന്റെ നിർദ്ദേശമനുസരിച്ച്, 18 വയസുമുതൽ 59 വയസുവരെയുള്ള കത്തോലിക്കാ വിശ്വാസികൾ വിഭൂതിബുധനാഴ്ച്ചയും, ദുഖവെള്ളിയാഴ്ച്ചയും ഉപവാസത്തിനും, മാംസവർജ്ജനത്തിനും കടപ്പെട്ടിരിക്കുന്നു. അതുപോലെതന്നെ നോമ്പിലെ എല്ലാ വെള്ളിയാഴ്ച്ചകളിലും മാംസാഹാരം ത്യജിക്കാൻ 14 വയസിനുമുകളിലുള്ള എല്ലാ കത്തോലിക്കർക്കും കടമയുണ്ട്. എന്നാൽ വയസുനിബന്ധനക്കുപരി ഭിന്നശേഷിക്കാർ, ബുദ്ധിമാന്ദ്യം സംഭവിച്ചവർ, ഗർഭിണികൾ, മുലയൂട്ടുന്ന അമ്മമാർ, ഗുരുതരമായ രോഗാവസ്ഥയിലുള്ളവർ എന്നിവരെ ഈ നിബന്ധനകളിൽനിന്നും ഒഴിവാക്കിയിട്ടുണ്ട്.

വൃതാനുഷ്ഠാനങ്ങളോടെ, ഉപവാസത്തിലും, പ്രാർത്ഥനയിലും, തിരുവചനധ്യാനത്തിലും കൂടുതൽ സമയം ചെലവഴിച്ചും, ഇഷ്ടഭോജ്യവും, അനാവശ്യസംസാരങ്ങളും ഒഴിവാക്കിയും ദൈവസന്നിധിയിലേക്ക് കൂടുതൽ അടുക്കുന്നതിനുള്ള അവസരമാണ് നോമ്പുകാലം എന്നു പറയുന്നത്. ശരീരത്തെയും, മനസിനെയും വെടിപ്പാക്കി പുതിയൊരു മനുഷ്യനാകുക എന്നതാണു നോമ്പുകൊണ്ടുദ്ദേശിക്കുന്നത്.

എല്ലാ മതങ്ങളും ഒരു തരത്തിലല്ലെങ്കിൽ മറ്റൊരു തരത്തിൽ നോമ്പാചരണം നടത്തുന്നതിനു ആഹ്വാനം ചെയ്യുന്നുണ്ട്. എല്ലാത്തിന്റെയും ഉദ്ദേശം ഒന്നുതന്നെ. മനസിനെയും, നാവിനെയും, ശരീരത്തെയും നിയന്ത്രിച്ച് മൽസ്യമാംസാദികൾ വെടിഞ്ഞ്, ഏറ്റവും ഇഷ്ടപ്പെട്ട ഭക്ഷണപാനീയങ്ങൾ ത്യജിച്ച്, ദാനധർമ്മങ്ങൾ നടത്തിയും പ്രാർത്ഥനയിലും, മഹദ്വചനങ്ങൾ ഉരുവിട്ടും, മതഗ്രന്ഥങ്ങൾ പാരായണം ചെയ്തും, അനുതാപത്തോടെ ഈശ്വരസന്നിധിയിലേക്കടുക്കുന്നതിനുള്ള അവസരമായിട്ടാണു എല്ലാമതങ്ങളും നോമ്പിനെ കാണുന്നത്. നോമ്പാചരിക്കുന്ന ദിവസങ്ങളുടെ എണ്ണത്തിലും, മാസത്തിലും മാത്രമേ വ്യത്യാസമുള്ളു. മാർഗം വ്യത്യസ്തമാണെങ്കിലും ലക്ഷ്യം ഒന്നുതന്നെ.

ബൈബിൾ പ്രകാരം യേശുക്രിസ്തു ജോൺ ദി ബാപ്റ്റിസ്റ്റിൽനിന്നും ഞ്ജ്ഞാനസ്നാനം സ്വീകരിച്ച് തന്റെ പരസ്യജീവിതം തുടങ്ങുന്നതിനു തൊട്ടുമുൻപ് 40 രാവും, 40 പകലും മരുഭൂമിയിൽ ഉപവസിച്ചു സാത്താന്റെ പ്രലോഭനങ്ങളെ അതിജീവിച്ചു എന്നതിനെ അടിസ്ഥാനമാക്കിയാണു 40 ദിവസത്തെ നോമ്പാചരണം ഉടലെടുത്തത്. അനുതപിച്ചു മാനസാന്തരം പ്രാപിക്കുന്നതിനുള്ള കാലയളവായോ, അല്ലെങ്കിൽ ദൈവകോപത്തിന്റെ ഫലമായുള്ള ശിക്ഷയായോ 40 എന്ന സംഖ്യ 146 പ്രാവശ്യം പഴയനിയമത്തിലും, പുതിയനിയമത്തിലുമായി ബൈബിളിൽ ഉപയോഗിച്ചിട്ടുണ്ട്. അത് 40 മണിക്കൂറുകളോ, 40 ദിവസങ്ങളോ, 40 മാസങ്ങളോ, 40 വർഷങ്ങളോ ആകാം. 40 എന്നത് ഒരു നാമമാത്ര സംഖ്യമാത്രം. ഉദാഹരണത്തിനു ഒരു മാസത്തിൽ എത്രദിവസങ്ങളുണ്ട് എന്ന ചോദ്യത്തിനു നമ്മുടെ നാവിൽ പെട്ടെന്നു വരുന്ന ഉത്തരം 30 എന്നാണല്ലോ. യഥാർത്ഥത്തിൽ 28 മുതൽ 31 വരെ ദിവസങ്ങൾ പലമാസങ്ങൾക്കുമുണ്ട്. ശരാശരി 30 എന്നു മാത്രം.

ഇനി 40 എന്ന സംഖ്യയുടെ ചില സവിശേഷതകൾ വേദപുസ്തകത്തെ അടിസ്ഥാനമാക്കി നമുക്ക് ചിന്തിക്കാം. പരിശുദ്ധാത്മാവിന്റെ പ്രേരണയാൽ പ്രചോദിതരായ നാലു സുവിശേഷകന്മാരും, വി. പൌലോസും ഉൾപ്പെടെ 40 മിഷനറിമാർ ഒത്തുചേർന്നാണു ബൈബിളിലെ രചനകൾ നിർവഹിച്ചിരിക്കുന്നത്. ക്രൂശിതനായി മരിച്ച് കല്ലറയിൽ അടക്കപ്പെട്ട യേശു ക്രിസ്തു ദുഖ:വെള്ളിയാഴ്ച വൈകുന്നേരം മുതൽ ഉയിർപ്പു ഞായർ രാവിലെ വരെ ഏതാണ്ട് 40 മണിക്കൂറുകൾ കല്ലറയിൽ ചെലവഴിച്ചു എന്നാണു നിഗമനം. നോഹയുടെ കാലത്തെ പ്രളയം 40 രാവും, 40 പകലും നീണ്ടു നിന്നു. തിരുപ്പിറവിയുടെ 40-ാം നാൾ ആണു ബാലനായ യേശുവിനെ ദേവാലയത്തിൽ മാതാപിതാക്കൾ ശുദ്ധീകരണത്തിനായി സമർപ്പിച്ചത്. ഉത്ഥാനത്തിനുശേഷം യേശു 40 ദിവസം ഭൂമിയിൽ ചെലവഴിച്ചതിനുശേഷമാണു സ്വർഗാരോഹണം ചെയ്തത്.

ഇസ്രായേൽ ജനത 40 വർഷം മരുഭൂമിയിൽ മന്നാഭക്ഷിച്ചു ജീവിച്ചു. കാർമേഘപടലത്തിൽ മോശ 40 ദിനരാത്രങ്ങൾ വിശപ്പും ദാഹവും അടക്കി ജീവിച്ചു. മോശ മരിക്കുമ്പോൾ വയസ് 120 (40 ന്റെ മൂന്നിരട്ടി). ഫിലിസ്തീൻ കാരുടെ കസ്റ്റടിയിൽ ഇസ്രായെൽ ജനം 40 വർഷതെ ദൈവശിക്ഷ അനുഭവിച്ചു. ദാവീദു രാജാവ് 40 വർഷം ഇസ്രായേൽ ഭരിച്ചു. നിനവേക്കാരോട് 40 ദിനങ്ങൾ ഉപവസിക്കാൻ ദൈവം കല്പിച്ചു.

ഉപവാസം എന്ന വാക്കുകൊണ്ട് അർത്ഥമാക്കുന്നത് ഒരുമിച്ച് വസിക്കുക എന്നാണ്. അതായത് ദൈവത്തോട് ഒരുമിച്ചു ജീവിക്കുക എന്നർത്ഥം. നോമ്പ് എന്ന വാക്കിന്റെ അർത്ഥം സ്നേഹത്തോടെയുള്ള സഹനം എന്നാണ്. നോയ് (വേദന) അൻപ് (സ്നേഹം) എന്നീ പഴയ മലയാളവാക്കുകൾ സംയോജിപ്പിച്ചാണ് 'നോമ്പ്' എന്ന വാക്ക് ഉണ്ടായത്. അതായത് ദൈവത്തോടുള്ള സ്നേഹത്തെപ്രതി നാം സ്വയം കഷ്ഠം സഹിക്കുകയാണ് നോമ്പാചരണത്തിലൂടെ ലക്ഷ്യമിടുന്നത്.

വിഭൂതിതിരുനാളിൽ ലോകമെങ്ങുമുള്ള ക്രൈസ്തവദേവാലയങ്ങളിൽ മർത്യന്റെ മണ്ണിൽനിന്നുള്ള ഉത്ഭവവും, മണ്ണിലേക്കുള്ള മടക്കയാത്രയും ഓർമ്മപ്പെടുത്തിക്കൊണ്ട് വിശ്വാസികളുടെ നെറ്റിയിൽ തലേവർഷത്തെ കുരുത്തോലകൾ കത്തിച്ചുണ്ടാക്കുന്ന ക്ഷാരം പ്രത്യേക പ്രാർത്ഥനകളോടെ ആശീർവദിച്ചുണ്ടാക്കുന്ന അനുതാപത്തിന്റെ അടയാളമായ ചാരംകൊണ്ടു കുരിശുവരക്കുന്നു. 'പൂർണ ഹൃദയത്തോടെ എന്നിലേക്ക് തിരിച്ചു വരിക.....കർത്താവിലേക്ക് തിരിച്ചുവരിക' എന്ന ജോയൽ പ്രവാചകന്റെ വാക്കുകൾ അനുസ്മരിച്ചുകൊണ്ടുള്ള വിഭൂതിസന്ദേശങ്ങളും വിശ്വാസികളുടെ ഹൃദയത്തിൽ അന്നേദിവസം പതിയുന്നു.